# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5717 | 03.11.2016-ൽ മറുപടിക്ക്

## കുട്ടികളിൽ പ്രകൃതി സംരക്ഷണ അവബോധം

| | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. ശിവകുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അടൂർ പ്രകാശ് | ശ്രീ. അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുട്ടികൾക്ക് പ്രകൃതിസംരക്ഷണ അവബോധം നൽകാൻ എന്തെല്ലാം പരിപാടികളാണ് വനം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) കുട്ടികൾക്ക് പ്രകൃതി സംരക്ഷണ അവബോധം നൽകുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രകൃതി പഠനക്യാമ്പുകൾ, പ്രകൃതി പ പഠനക്ളാസുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. 'എന്റെ മരം,' 'നമ്മുടെ മരം' എന്നീ പദ്ധതികളിലൂടെ സ്കൂളുകളിലും, കോളേജുകളിലും എല്ലാ വർഷവും തൈകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ എക്കോ കേഡറ്റ്സ്, ഫോറസ്ട്രി ക്ളബ്ബ് എന്നീ പദ്ധതികൾ മുഖാന്തിരം സ്കൂൾ കുട്ടികളുടെ പങ്കാളിത്തത്തോടു കൂടി സ്കൂൾ പപരിസരങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും കൂടുതൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. |
| ബി) എത്ര കുട്ടികൾക്ക് പ്രകൃതി സംരക്ഷണ അവബോധം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയും കുട്ടികൾക്കും പ്രകൃതി സംരക്ഷണ അവബോധം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |
| സി) ഭരണതലത്തിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിവരിക്കുമോ ? | സി) ഇതിന്റെ ഭാഗമായി ഫോറസ്ട്രി ക്ളബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. കൂടാതെ ഫോറസ്ട്രി ക്ളബ്ബുകൾ ഇല്ലാത്ത സ്കൂളുകളിൽ ടി പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ